**Malayala Manorama**

**28 August 2018**

**Kottayam, Flood 2018, Water Level**

# 2018 വെള്ളപ്പൊക്കം: ജലനിരപ്പ് രേഖപ്പെടുത്തൽ തുടങ്ങി

കോട്ടയം ● 2018ലെ വെള്ളപ്പൊക്കം ഇനി ഔദ്യോഗികം. 99ലെ വെള്ളപ്പൊക്കമെന്ന് അറിയപ്പെടുന്ന 1924ലെ വെള്ളപ്പൊക്കത്തിനുശേഷം ചരിത്രത്തിന്റെ താളുകളിലേക്കു കഴിഞ്ഞ വെള്ളപ്പൊക്കവും ഇടംപിടിക്കുന്നു. ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ നദികളിൽ ജലനിരപ്പ് ഉയർന്ന സ്ഥലങ്ങൾ വരുംതലമുറയ്ക്കുവേണ്ടി മായാത്ത വിധം രേഖപ്പെടുത്തും.

ജലനിരപ്പിനൊപ്പം നദീതടങ്ങൾ എവിടെ വരെ മുങ്ങിയെന്നും ജലവിഭവ വകുപ്പു രേഖപ്പെടുത്തുമെന്നു ചീഫ് എൻജിനീയർ സി.പി.ജോഷി പറഞ്ഞു.

മണിമലയാർ കടന്നുപോകുന്ന മണിമല ബസ് സ്റ്റാൻഡിനു സമീപം ജലനിരപ്പു രേഖപ്പെടുത്താൻ സ്ഥാപിച്ച സ്കെയിലിനു മുകളിൽ ഇതിന്റ ആദ്യ രേഖപ്പെടുത്തൽ നടത്തി. മണിമലയാറിന്റെ തീരത്തുള്ള കടയുടെ പിന്നിലാണു ഹൈഡ്രോളജി വിഭാഗം ‘2018 ഓഗസ്റ്റിൽ ഇവിടെ വരെ ജലനിരപ്പ് ഉയർന്നു’ എന്നു പെയിന്റുകൊണ്ട് രേഖപ്പെടുത്തിയത്.

## ചെറുതോണി ഷട്ടറുകൾ തുറന്നുതന്നെ

തൊടുപുഴ ● ഇടുക്കി അണക്കെട്ടിന്റെ ഭാഗമായ ചെറുതോണി അണക്കെട്ടിലെ മൂന്നു ഷട്ടറുകളിലൂടെ ഇപ്പോഴും വെള്ളം ഒഴുക്കി വിടുന്നുണ്ട്. ഷട്ടറുകൾ 60 സെന്റിമീറ്ററാണ് ഉയർത്തിയിട്ടുള്ളത്. സെക്കൻഡിൽ രണ്ടു ലക്ഷം ലീറ്റർ ജലമാണു ഒഴുക്കുന്നത്. ഇടുക്കി അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് ഇന്നലെ 16.2 മില്ലീമീറ്റർ മഴ ലഭിച്ചു. അണക്കെട്ടിലേയ്ക്കുള്ള നീരൊഴുക്കു കുറഞ്ഞു.